പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*804 17.07.2014 - ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ് തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗങ്ങളിൽ എത്തുന്ന, ഗുരുതരമായി പരിക്കേൽക്കുന്ന രോഗികൾക്ക് പോലും കൃത്യസമയത്ത് വേണ്ട പരിചരണം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടേതുൾപ്പെടെ അത്യാഹിത വിഭാഗങ്ങളിൽ മതിയായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ)<br>&<br>(ബി) | ഉണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുമായി ബന്ധപ്പെട്ട് നിലവിൽ കാഷ്വാലിറ്റി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിൽ മൃതപ്രായരായി കാഷ്വാലിറ്റിയിലെത്തുന്ന രോഗികൾക്ക് ഐ.സി.യു ഉൾപ്പെടെ ജീവൻ നിലനിർത്തുന്നതിനുള്ള അടിയന്തിര സഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പ്രസ്തുത പ്രശ്നത്തിനുള്ള ശാശ്വത പരിഹാരമായാണ് എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും കാഷ്വാലിറ്റി വിഭാഗവുമായി ബന്ധപ്പെടുത്തി എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത വിഭാഗവുമായി ബന്ധപ്പെട്ട് മൾട്ടി ഡിസിപ്ലിനറി ഐ.സി.യുവും തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു തുടങ്ങുന്നതോടുകൂടി അത്യാസന്ന നിലയിൽ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വെന്റിലേറ്റർ ഉൾപ്പെടെ അടിയന്തിര ജീവൻ രക്ഷാ ഉപാധികൾ നൽകി ഐ.സി.യു.വിൽ എത്തിക്കാൻ കഴിയും. ഇതിനു ശേഷം ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ഡോക്ടർമാർ പരിശോധന നടത്തി, ജീവൻ നിലനിർത്തുന്നതിനുള്ള അടിയന്തിര ചികിത്സകൾ നൽകിയശേഷം പ്രസ്തുത രോഗിയെ ബന്ധപ്പെട്ട വിഭാഗത്തിലേക്ക് മാറ്റുന്നതാണ്. തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ